# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 42/2020(83), ചൊവ്വാഴ്ച്ച — തീയ്യതി 13.10.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 14.10.2020 | 15.10.2020 | 16.10.2020 | 17.10.2020 | 18.10.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 25 | 30 | 20 | 5 | 2 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 20 | 26 | 18 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 250 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 7 | 6 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത.**

## കാർഷിക നിർദ്ദേശങ്ങൾ:

**പൊതുനിർദ്ദേശങ്ങൾ: മഴയുള്ളതിനാൽ കാർഷികോല്പന്നങ്ങൾ ഉണക്കാൻ വയ്ക്കുമ്പോൾ ശ്രദ്ധിക്കണം. ശക്തമായ മഴയുള്ളപ്പോൾ വിളകൾക്ക് വള പ്രയോഗവും കീടനാശിനി പ്രയോഗവും നടത്താതെ ശ്രദ്ധിക്കണം.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ആരംഭിക്കാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിനുള്ള സമ്പൂർണ്ണ വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| വാഴ | നടീൽ പരുവം | കന്ന് ചെത്തി വൃത്തിയാക്കി ചാണകവും ചാരവും കലക്കിയ മിശ്രിതത്തിൽ മുക്കി മൂന്ന് ദിവസം ഉണക്കിയതിനുശേഷം നടാവുന്നതാണ് |
| കുരുമുളക് | ദ്രുതവാട്ടം | തുടർച്ചയായ മഴ മൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. പ്രതിരോധ നടപടിയായി മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| ജാതി | ഇലകൊഴിച്ചിൽ | ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ (പാവല്) | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് നിത്യവും പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുക. വിറ്റാമിൻ ധാതുലവണ മിശ്രിതം നിർദിഷ്ട അളവിൽ നിത്യേന നൽകുക. | |